ICPS-3/017862/14

സാമൂഹ്യനീതി ഡയറക്ടറേറ്റ്(Annex)
SCPS,പൂജപ്പുര, തിരുവനന്തപുരം
തീയതി : 4.06.2016

# സർക്കുലർ

വിഷയം: - സാമൂഹ്യ നീതി വകുപ്പ് - ICPS - സംസ്ഥാനത്തെ ജയിലുകളിൽ മൈനറായിട്ടുള്ളവർ ഉണ്ടോയെന്ന് പരിശോധിച്ച് ത്രൈമാസ റിപ്പോർട്ട് സമർപ്പിയ്ക്കുന്നത് - സംബന്ധിച്ച്.

സൂചന: ഈ ഓഫീസിലെ ഇതേ നമ്പർ ഉത്തരവ്, തീയതി 18.2.2016

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ പ്രൊബേഷൻ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിലുള്ള പ്രദേശത്തെ ജയിലുകൾ സന്ദർശിച്ച് 18 വയസ്സു തികയാത്ത കുട്ടികൾ ഉണ്ടോ എന്ന് പരിശോധിക്കണമെന്നും അങ്ങനെയുള്ള കുട്ടികൾ ജയിലുകളിൽ ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ ഉടനടി വിവരം ബന്ധപ്പെട്ട കോടതിയ്ക്കും സ്ഥലത്തെ ജുവനൈൽ ജസ്റ്റീസ് ബോർഡിനും റിപ്പോർട്ട് ചെയ്യണമെന്നും പ്രൊബേഷൻ ഓഫീസർമാർ ഇത് സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് ഓരോ മൂന്ന് മാസം കൂടുമ്പോഴും ഈ ഓഫീസിൽ സമർപ്പിയ്ക്കേണ്ടതാണെന്നും സൂചന പ്രകാരം ഉത്തരവ് നൽകിയിരുന്നു. എന്നാൽ പല ജില്ലകളിൽ നിന്നും കൃത്യമായ റിപ്പോർട്ട് ലഭിയ്ക്കാറില്ല. അതുകൊണ്ട് ക്രോഡീകരിച്ച റിപ്പോർട്ട് തയ്യാറാക്കാനും സാധിയ്ക്കുന്നില്ല. ഈ സാഹചര്യത്തിൽ 18.02.2016 ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം ജില്ലയിലെ ചാർജ്ജുള്ള പ്രൊബേഷൻ ഓഫീസർമാർ നിർബന്ധമായും ജയിൽ സന്ദർശന റിപ്പോർട്ട് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മുടക്കം കൂടാതെ അയയ്ച്ചു തരേണ്ടതാണ് എന്ന് ഒരിക്കൽകൂടി ആവശ്യപ്പെടുന്നു.

ജില്ലകളിൽ ഒന്നിൽ കൂടുതൽ പ്രൊബേഷൻ ഓഫീസർമാർ പ്രവർത്തിക്കുന്നുണ്ട് എങ്കിൽ മറ്റ് പ്രൊബേഷൻ ഓഫീസർമാരിൽ നിന്ന് ജില്ലാ ഓഫീസിന്റെ ചാർജ്ജുള്ള ഗ്രേഡ് ഒന്ന് പ്രൊബേഷൻ ഓഫീസർ റിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിച്ച് ഈ ഓഫീസിലേയ്ക്ക് മുടക്കം കൂടാതെ അയച്ചു തരേണ്ടതാണ്.

Sd/-
PM.
സാമൂഹ്യനീതി ഡയറക്ടർക്കുവേണ്ടി

എല്ലാ ജില്ലാ പ്രൊബേഷൻ ഓഫീസർമാർക്കും